**പതിനാലാം കേരള നിയമസഭ**
**പത്താം സമ്മേളനം**

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.3008 | 13.03.2018-ൽ മറുപടിയ്ക്ക്

# പഞ്ചായത്ത് സെക്രട്ടറിമാരെ നിയമിക്കുവാൻ നടപടി

**ചോദ്യം**

**ശ്രീ. എൻ. ഷംസുദ്ദീൻ**

**ഉത്തരം**

**ശ്രീ. കെ.ടി. ജലീൽ**

**(തദ്ദേശ സ്വയംഭരണവും ന്യൂനപക്ഷ ക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പ് മന്ത്രി)**

| ക്രമ നമ്പർ | ചോദ്യം | ക്രമ നമ്പർ | ഉത്തരം |
|---|---|---|---|
| (എ) | സംസ്ഥാനത്തെ ഗ്രാമപഞ്ചായത്തുകളിൽ സെക്രട്ടറിമാരുടെ തസ്തികകൾ ഒഴിഞ്ഞു കിടക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | നിലവിൽ 22 ഗ്രാമപഞ്ചായത്തുകളിൽ സെക്രട്ടറി തസ്തികയിൽ ഒഴിവുള്ള വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ബി) | സെക്രട്ടറിമാരുടെ തസ്തികകൾ ഒഴിഞ്ഞു കിടക്കുന്നത് പദ്ധതി പ്രവർത്തനങ്ങളെ ബാധിക്കുന്ന വിവരം പഞ്ചായത്ത് കമ്മിറ്റികൾ പഞ്ചായത്ത് ഡയറക്ടറേയും വകുപ്പ് സെക്രട്ടറിയെയും അറിയിച്ചിട്ടും സെക്രട്ടറിമാരെ നിയമിക്കാത്തതുമൂലമുള്ള പ്രശ്നങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (ബി) | ഗ്രാമപഞ്ചായത്ത് സെക്രട്ടറി തസ്തികയിൽ ഒഴിവുണ്ടായാൽ ഉടൻതന്നെ പകരം സെക്രട്ടറിയെ നിയമിക്കുകയോ, അതിനു കഴിഞ്ഞില്ലെങ്കിൽ മറ്റു ഏതെങ്കിലും ഉദ്യോഗസ്ഥന് അധിക ചുമതല നൽകുകയോ ചെയ്യാറുണ്ട്. ആയതിനാൽ മേൽപ്പറഞ്ഞ ഒഴിവുകൾ പദ്ധതി പ്രവർത്തനങ്ങളെ ബാധിക്കുന്നതായുള്ള പ്രശ്നങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടില്ല |
| (സി) | അടിയന്തിരമായി സെക്രട്ടറിമാരെ നിയമിക്കുവാൻ ആവശ്യമായ നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ? | (സി) | സെക്രട്ടറിമാരുടെ ഒഴിവുകൾ നികത്തുന്നതിലേയ്ക്കായി സെലക്ട് ലിസ്റ്റ് തയ്യാറാക്കുന്നതിന് വകുപ്പുതല പ്രൊമോഷൻ കമ്മിറ്റി 15.03.2018 തീയതിയിൽ കൂടുന്നതിന് തീരുമാനിച്ചിട്ടുണ്ട്. |

**സെക്ഷൻ ഓഫീസർ**